പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3283 — 23.3.2015-ൽ മറുപടിക്ക്

## നഗരസഭകളിലെ മാലിന്യനിർമ്മാർജ്ജന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അജിത് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നഗരസഭകളിലെ മാലിന്യനിർമ്മാർജ്ജനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഏതെല്ലാം നഗരസഭകൾ ഈ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിലേയ്ക്കായി പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 9 നഗരസഭകൾ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. പയ്യന്നൂർ നഗരസഭ<br>2. നോർത്ത് പറവൂർ നഗരസഭ<br>3. തൊടുപുഴ നഗരസഭ<br>4. കാസർഗോഡ് നഗരസഭ<br>5. ഇരിങ്ങാലക്കുട നഗരസഭ<br>6. മഞ്ചേരി നഗരസഭ<br>7. കൽപ്പറ്റ നഗരസഭ<br>8. നെടുമങ്ങാട് നഗരസഭ<br>9. ചേർത്തല നഗരസഭ |
| (ബി) നഗരസഭകളിലെ മാലിന്യ നിർമ്മാജ്ജനത്തിനും സംസ്കരണത്തിനുമുള്ള പദ്ധതികളിൽ സർക്കാർ സാമ്പത്തിക സഹായം നൽകുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) നഗരസഭകളിൽ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി പദ്ധതി തുകയുടെ 100% സാമ്പത്തിക സഹായവും ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സർക്കാർ സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴിയും 25% തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയും കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 75% സർക്കാർ സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴിയും 15% സാമ്പത്തിക സഹായം തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴിയും നൽകി വരുന്നു. ഇത്തരത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ ആകെ സബ്സിഡി 75% ഉം കമ്പോസ്റ്റ് യൂണിറ്റുകളുടെ ആകെ സബ്സിഡി 90% ആണ്. |

സെക്ഷൻ ഓഫീസർ